ഈ പദ്ധതിയിൽ മുനിസിപ്പാലിറ്റി വക സ്ഥലത്ത് നിലവിലുള്ള കിണർ ജലസ്രോതസ്സ് ആയി ഉപയോഗിക്കുവാനും മുനിസിപ്പാലിറ്റി സ്ഥലത്ത് പമ്പ് റൂം നിർമ്മിക്കുവാനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ സ്രോതസ്സ് ഉപയോഗിക്കുവാനുമുള്ള അനുവാദം മുനിസിപ്പാലിറ്റി തന്നിട്ടില്ല. ആയതിനാൽ ഫിഷ് ടാങ്കിലേക്ക് വെള്ളം ലഭ്യമാക്കുവാനായി വാട്ടർ അതോറിറ്റി ലൈനിൽ നിന്നോ ട്യൂബ് വെൽ നിർമ്മിച്ചോ വെള്ളം എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

206(414) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ പൗരാവകാശ രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ് രജിസ്ട്രാർ ഓഫീസുകൾക്കായി എത്ര പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു ; എത്ര കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം എ-ആയി ചേർത്തിരിക്കുന്നു.*

(ബി) മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

(സി) വാടകയ്ക്ക് പ്രവർത്തിച്ചുവരുന്ന രജിസ്ട്രാർ ആഫീസുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുകയും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്തുവകുപ്പിൽ നിന്നും തയ്യാറാക്കി കെട്ടിടം പണിക്കുള്ള ഭരണാനുമതി ലഭ്യമാക്കുകയും കെട്ടിട നിർമ്മാണത്തിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ അനുവദിക്കുന്നതിനുള്ള നടപടി സംബന്ധിച്ച പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് യഥാസമയം സമർപ്പിക്കുകയും ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ 118 രജിസ്ട്രാർ ആഫീസുകൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. സർക്കാർ ഭൂമി ലഭ്യമായ, സ്വന്തമായി സ്ഥലമുള്ള, 29 രജിസ്ട്രാർ ആഫീസുകൾക്കു പുതിയ കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച തുടർനടപടികൾ നടന്നുവരുന്നു. കൊല്ലം ജില്ലയിലെ കിളികൊല്ലൂർ, പുനലൂർ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കോടഞ്ചേരി തുടങ്ങിയ ആഫീസ് കെട്ടിടങ്ങൾക്ക് തറക്കല്ലിട്ടു. സ്ഥലം ലഭ്യമായ മറ്റ് സബ് രജിസ്ട്രാഫീസ് കെട്ടിടങ്ങൾക്കുനിർമ്മാണത്തിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പൊതുമരാമത്തു വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിലെ ഒറ്റശേഖരമംഗലം, ഏരുങ്കടവിള, പാലോട്, വെള്ളനാട്, കൊല്ലം ജില്ലയിലെ ഓയൂർ, തേവലക്കര, ചാത്തന്നൂർ, ഭരണിക്കാവ്, ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിലെ നൂറനാട്, കോട്ടയം ജില്ലയിലെ എരുമേലി, ഇടുക്കി ജില്ലയിലെ ദേവികുളം, എറണാകുളം ജില്ലയിലെ പുത്തൻകുരിശ്, ഇടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ നെല്ലായി, ചാലക്കുടി, അയ്യന്തോൾ, വടക്കുംകര, പാലക്കാട് ജില്ലയിലെ അലനെല്ലൂർ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, ചേവായൂർ, വയനാട് ജില്ലയിലെ വെള്ളമുണ്ട, കണ്ണൂർ ജില്ലയിലെ ഇരിക്കൽ, കാസറഗോഡ് ജില്ലയിലെ ബളാൽ തുടങ്ങിയ 24 സബ് രജിസ്ട്രാർ ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി.

ആലപ്പുഴ ജില്ലയിലെ കുത്തിയതോട്, ഹരിപ്പാട്, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി തുടങ്ങിയ 4 സബ് രജിസ്ട്രാർ ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**ആലുവ സബ് രജിസ്ട്രാറാഫീസിലെ കമ്പ്യൂട്ടർ തകരാർ പരിഹരിക്കുവാൻ നടപടി**

207(415) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാറാഫീസുകളിലെ കമ്പ്യൂട്ടർ കേടാവുന്നതുമൂലം ഈ ആഫീസുകളിൽ നിന്ന് ലഭ്യമാക്കേണ്ട വിവിധ രേഖകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആലുവ സബ് രജിസ്ട്രാറാഫീസിലെ കമ്പ്യൂട്ടറിലെ തകരാറുകൾ എന്തൊക്കെയാണ് ; എത്ര കാലമായി ഇത് തകരാറിലാണ് എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓഫീസിലെ കമ്പ്യൂട്ടറിന്റെ തകരാറുകൾ പരിഹരിച്ച് രേഖകൾ യഥാസമയം കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സബ് രജിസ്ട്രാറാഫീസുകളിലെ കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിന് "Facility Management System" ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകളുടെ തകരാറുകൾ പരിഹരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly